**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3683** **26-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്ക് നീന്തൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സപ്ലാഷ് പദ്ധതി. എട്ട് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. രക്ഷിതാക്കളുടെ സമ്മതപത്രം മാത്രമാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ തൃശ്ശൂർ, പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സ്, നന്ദിയോട് സ്വിമ്മിംഗ് പൂൾ, എം.എ.കോളേജ് കോതമംഗലം എന്നീ സ്കൂൾ/ കോളേജ്/സെൻട്രലൈസ്ഡ് സ്പോർട്സ് അക്കാദമികളിലെ കുട്ടികൾക്ക് പഠന കാലയളവിൽ വിദഗ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനം നൽകി വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന മുങ്ങിമരണങ്ങളിൽ കൂടുതലും വിദ്യാർത്ഥികളും യുവാക്കളുമാണെന്നത് പരിഗണിച്ച് മുൻകരുതൽ എന്ന നിലയിൽ പഠന കാലയളവിൽ നീന്തൽ പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സപ്ലാഷ് പദ്ധതി. എട്ട് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. രക്ഷിതാക്കളുടെ സമ്മതപത്രം മാത്രമാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ തൃശ്ശൂർ, പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സ്, നന്ദിയോട് സ്വിമ്മിംഗ് പൂൾ, എം.എ.കോളേജ് കോതമംഗലം എന്നീ സ്കൂൾ/ കോളേജ്/സെൻട്രലൈസ്ഡ് സ്പോർട്സ് |

| | | | |
|---|---|---|---|
| | | | അക്കാദമികളിലെ കുട്ടികൾക്ക് പഠന കാലയളവിൽ വിദഗ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ